## വനസംരക്ഷണം എന്നാൽ അണക്കെട്ടിനെ തടയൽ മാത്രമല്ല

# സൈലന്റ്‌വാലിയ്ക്കുമേൽ മറ്റൊരു ഭീഷണി : ഹെർബൽ/ബയോവാലി

പ്രത്യേക ലേഖകൻ

പാത്രക്കടവ് പദ്ധതിക്കെതിരായി ജനകീയപ്രതിരോധം ശക്തിപ്പെടുന്നുണ്ട്. 'വികസന'മോഹികളെന്ന രൂപത്തിൽ ബോർഡും ചില രാഷ്ട്രീയ നേതാക്കളും 'സംഘടിപ്പിച്ചുകൊണ്ടുവന്ന ജന'ങ്ങൾക്കപ്പുറം ഭാരതപ്പുഴയെ അതിന്റെ ജീവിക്കുന്ന ഏകകൈവഴിയായ തൂതപ്പുഴയെ ആശ്രയിക്കുന്ന പഞ്ചായത്ത് - നഗരസഭകളിലെ ജനങ്ങൾ കാര്യങ്ങൾ അറിയുന്നതോടെ യഥാർത്ഥ ജനവികാരം' രൂപപ്പെടും. പദ്ധതി തടയാൻ ഇതു മതിയായേക്കും.

പക്ഷെ സൈലന്റ് വാലിക്കുമേൽ വരുന്ന മറ്റൊരുവൻ ഭീഷണിയുണ്ടെന്ന കാര്യം നാമറിയാതിരുന്നുകൂടാ. ആഗോള മൂലധനം ഇന്നാട്ടിൽ (മൂന്നാം ലോകത്തിലാകെയും വിശേഷിച്ച് കേരളത്തിലും) കണ്ണ് വച്ചിട്ടുള്ളത് നമ്മുടെ പ്രകൃതി വിഭവങ്ങളിലാണല്ലോ. 'നിക്ഷേപസൗഹൃദ' സംസ്ഥാനമാക്കാനെന്ന പേരിൽ ആഗോള നിക്ഷേപക സംഗമ (ജിമ്മിൽ) ത്തിൽ അവതരിപ്പിച്ച പദ്ധതികൾ മിക്കവയും നമ്മുടെ പ്രകൃതി വിഭവങ്ങൾ കൊള്ളയടിക്കുന്നവയാണ്. പ്ലാച്ചിമടയിലും കഞ്ചിക്കോട്ടും 'നിക്ഷേപക സൗഹൃദ'ത്തിനുവേണ്ടി നൽകിയത് ദരിദ്രരായ ആദിവാസികളുടെ ജീവജലമാണല്ലോ. ജിമ്മിൽ വന്ന മുതലാളിമാർ വില പറഞ്ഞവയിൽ പെരിയാറിലെയും മലമ്പുഴയിലെയും എനാമാക്കലിലേയും വെള്ളമുണ്ടായിരുന്നു. അറബിക്കടലിലെ വെള്ളമണലും ആലപ്പുഴ തീരത്തെ ലോഹമണലുമുണ്ടായിരുന്നു. ഇവ പലതും ജനങ്ങൾ തിരിച്ചറിഞ്ഞതിനാൽ തടയപ്പെട്ടു. എന്നാൽ ഇത്ര 'തുറന്ന' കവർച്ചകളല്ലാതിരുന്ന മറ്റുപലപദ്ധതികളും സൂത്രത്തിൽ നടപ്പിലാക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. അതിൽ പ്രധാനപ്പെട്ട ഒന്നാണ് സൈലന്റ് വാലിയിലും വയനാട്ടിലും നടപ്പിലാക്കാൻ വേണ്ടിയുള്ള ബയോ വാലി പദ്ധതി. നമ്മുടെ വനങ്ങളിലെ അത്യപൂർവ്വമായ ജൈവസമ്പത്ത് 'പാരിസ്ഥിതിക സൗഹൃദ' പദ്ധതികളെന്ന പേരിൽ കൊള്ള ചെയ്യുക തന്നെയാണ് ഇതിന്റെ ലക്ഷ്യം.

1982 ൽ സൈലന്റ് വാലി പദ്ധതിക്കെതിരായി റിപ്പോർട്ടെഴുതിയ പ്രൊഫ. എം. ജി.കെ. മേനോൻ ചെയർമാനായുള്ള സമിതിയിലെ അംഗങ്ങൾക്ക് അനുകൂലമായ നിലപാടെടുത്തിരുന്നു. അന്ന് കേന്ദ്ര ശാസ്ത്രസാങ്കേതിക വകുപ്പ് സെക്രട്ടറിയായിരുന്ന ഡോ. എം.എസ്. സ്വാമിനാഥൻ. സൈലന്റ് വാലി ദേശീയ പാർക്ക് ആക്കിയതിന്റെ ഒന്നാം ദശകം ആഘോഷിക്കുന്നതിന്റെ ഭാഗമായി വനംവകുപ്പ് പുറത്തിറക്കിയ ഗ്രന്ഥത്തിലെ പ്രധാന ലേഖനങ്ങളിലൊന്ന് ഡോ. സ്വാമിനാഥന്റേതാണ്. പക്ഷെ ആ ലേഖനത്തിലെ വരികൾ ശ്രദ്ധിച്ചു വായിച്ചാൽ ഇന്നു നമുക്കു വ്യക്തമാകും സ്വാമിനാഥന്റെ കണ്ണ് എവിടെയാണെന്ന്. "വിവിധതരം കീടങ്ങളെ നേരിടാൻ ശേഷിയുള്ള അപൂർവ്വ നെൽവിത്തിനങ്ങൾ" ഇവിടെയുണ്ടെന്ന് കേരളത്തിന്റെ ജൈവസമ്പത്ത് (വിശേഷിച്ച് നെൽവിത്ത്) നശിപ്പിച്ച ഡോ. എം. എസ്. സ്വാമിനാഥൻ പറയുമ്പോൾ നാം ശ്രദ്ധിക്കേണ്ടതില്ലേ ? 'ഹരിതവിപ്ലവ'മെന്ന പേരിൽ നമ്മുടെ നെൽവിത്തുകൾ കടത്തി മനിലയിലെ അന്താരാഷ്ട്ര നെല്ല് ഗവേഷണ കേന്ദ്രത്തിൽ രൂപം നൽകിയ നാശവിത്തുകളും അവക്കാവശ്യമായി വന്ന രാസവളങ്ങളും കീടനാശിനികളും ഇവിടെയെത്തിച്ചത് ഈ മഹാനാണല്ലോ. ഇപ്പോഴൊക്കെ അതേ ദേഹം തന്നെ ഹെർബൽ വാലിയെന്ന പദ്ധതിയുമായി രംഗത്തെത്തിയിരിക്കുന്നു. ഇടതു-വലതു വ്യത്യാസമില്ലാതെ നമ്മുടെ കൃഷിയുടെ സംരക്ഷകനായി ഇദ്ദേഹത്തെയാണല്ലോ ഇന്നാട്ടിൽ കാണുന്നത്. ലോകവ്യാപാര സംഘടനയുടെ കരാളഹസ്തങ്ങളിൽ നിന്നും നമ്മുടെ കൃഷിയെ രക്ഷിക്കാനുള്ള മാർഗം കണ്ടെത്താൻ സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയത്, ഫോർഡ് ഫൗണ്ടേഷന്റെ പണം വാങ്ങി 'ഗവേഷണം' നടത്തുന്ന ഇതേ സ്വാമിനാഥനെയാണ്. ഇപ്പോഴദ്ദേഹം 'ഹരിത വിപ്ലവം' വിട്ട് (പ്രേംനസീറിനെപ്പോലെ) 'നിത്യഹരിത' വിപ്ലവമെന്ന ജൈവസാങ്കേതിക വിദ്യയുമായി രംഗത്തെത്തിയിരിക്കുകയാണ്.

(ശേഷം 36-ാം പേജിൽ)

**ഡോ.എം.എസ്.സ്വാമിനാഥൻ**

**ഇന്ത്യയിലെ കൃഷിയുടെ അന്തകനായ (ഹരിതവിപ്ലവം) ഇപ്പോൾ സർക്കാർ ഉപദേശകനും സ്വന്തം സ്ഥാപനത്തിന്റെ മേധാവിയുമായി ഡോ.എം.എസ്.സ്വാമിനാഥന്റെ റിപ്പോർട്ടിലെ പ്രസക്തഭാഗങ്ങൾ**

**ജലവൈദ്യുത പദ്ധതിക്കെതിരായി പാരിസ്ഥിതികമായ ഒട്ടേറെ വാദങ്ങൾ ഉയർത്തിക്കൊണ്ട് 'അടുത്ത നടപടി' യെന്ന രൂപത്തിൽ പറയുന്നു.**

**സൈലന്റ് വാലി കാടുകളോടൊപ്പം അതിന് ചുറ്റുമുള്ള അമരമ്പലം റിസർവ്വ് വനങ്ങൾ (8000 ഹെക്ടർ), കുന്തക്കാടുകൾ (10000 ഹെക്ടർ), അട്ടപ്പാടി റിസർവ്വ് വനങ്ങൾ (12000 ഹെക്ടർ) എന്നിവ കൂടി ചേർത്ത് ദേശീയ മഴക്കാട് ജൈവമണ്ഡല സംരക്ഷിത പ്രദേശമായി വികസിപ്പിക്കണം. (ഇങ്ങനെ വേണ്ട രീതിയിൽ വികസിപ്പിച്ചാൽ ഈ വനം പല ഔഷധ സസ്യങ്ങളുടെയും കുരുമുളക്, ഏലം തുടങ്ങിയ തോട്ടവിളകളുടെയും അപൂർവ്വ ജീനുകളുടെ കലവറയായി നിലനിർത്താം. ചില പ്രത്യേക കീടങ്ങളെ പ്രതിരോധിക്കുന്ന പല നെൽവിത്തുകളുടെയും സംഭരണിയായി ഈ വനത്തിനെ കാണാം. ഇവിടെത്തന്നെ സ്വാമിനാഥന്റെ ഇന്നത്തെ പദ്ധതിയുടെ ബീജം ഇട്ടിട്ടുണ്ട്. പീച്ചിയിലെ വനഗവേഷണ കേന്ദ്രത്തെ വികസിപ്പിച്ച് ദേശീയ സ്ഥാപനമാക്കുക, പാലക്കാട്, മലപ്പുറം ജില്ലകളിലെ ജനസേചനത്തിനും വൈദ്യുതിക്കും മറ്റു പദ്ധതികൾ കണ്ടെത്തുക, അവിടെ അനുയോജ്യമായ വ്യവസായ പദ്ധതികൾ സ്ഥാപിക്കുക തുടങ്ങിയ നിർദ്ദേശങ്ങളും ഇതിൽപ്പെടുന്നു.**

# സൈലന്റ്‌വാലി സംരക്ഷണമെന്നാൽ ബഫർ സോൺ സംരക്ഷണമാണ്

പി. സുന്ദരരാജൻ

സൈലന്റ്‌വാലി സംരക്ഷണത്തിനുവേണ്ടിയുള്ള സമരം ഇന്ത്യയിലെ എന്നല്ല ലോകത്തിലെതന്നെ ഏറ്റവും പ്രാധാന്യമുള്ള പരിസ്ഥിതി സംരക്ഷണത്തിനുള്ള സമരങ്ങളിലൊന്നായിരുന്നു. കേരളത്തിലെ പരിസ്ഥിതി സംരക്ഷണ ചരിത്രം തുടങ്ങുന്നത് സൈലന്റ്‌വാലി പ്രക്ഷോഭത്തിലൂടെ ആണ്. ഈ സമരം വിജയവുമായിരുന്നു. അല്ലെങ്കിൽ ലോകത്തിലെ ഏറ്റവും വലിയ ജീൻ കലവറകളിലൊന്ന് നമുക്ക് നഷ്ടമാകുമായിരുന്നു. ഇത് കേരളീയരുടെ മാത്രം നഷ്ടമല്ല, ലോകത്തിന്റെ തന്നെ നഷ്ടമാകുമായിരുന്നു.

സൈലന്റ്‌വാലി സമരത്തിന് കേരളത്തിലെ എല്ലാ തുറകളിൽനിന്നുള്ള ആളുകളും സജീവമായി രംഗത്തിറങ്ങിയിരുന്നെങ്കിലും അതിനുശേഷം ഇവരിൽ പലരും സജീവ പ്രവർത്തനങ്ങളിൽ നിന്നും വിട്ടുനിന്നു.

ഇന്നത്തെ സൈലന്റ്‌വാലി 89.52 ചതുരശ്ര കി.മീ. വരുന്ന ഒരു നാഷണൽ പാർക്കാണ്. യഥാർത്ഥത്തിൽ ഇത് വളരെ ചെറിയ ഒരു പ്രദേശമാണ്. ഇത്ര ചെറിയൊരു പ്രദേശം മാത്രം ഏറ്റെടുത്തതിനു പുറകിൽ പ്ലാന്റേഷൻ ലോബികൾ മുതൽ പലരുടെയും താല്പര്യവും ഉണ്ടായിരുന്നു. ഈയൊരു ചെറിയ പ്രദേശം സംരക്ഷിക്കലല്ല സൈലന്റ്‌വാലി സംരക്ഷണം. അതിന്റെ ബഫർ സോൺ കൂടി സംരക്ഷിയ്ക്കപ്പെടണം. ഡോ. എം.ജി.കെ. മേനോനെയും ഡോ. സ്വാമിനാഥനെയും പോലുള്ള വിദഗ്ദ്ധർ അട്ടപ്പാടി റിസർവ്വും (12,000 ഹെക്ടർ) ന്യൂ അമരാവതി റിസർവ്വും (8000 ഹെക്ടർ) കുന്തഫോകു (10000 ഹെക്ടർ) ഉൾപ്പെടുന്ന 390 ചതുരശ്ര കി.മീ. വരുന്ന ഒരു നാഷണൽ റെയിൻ ഫോറസ്റ്റ് ബയോസ്ഫിയർ റിസർവ്വായി സൈലന്റ്‌വാലിയെ നിലനിർത്തണമെന്നാണ് ആവശ്യപ്പെട്ടത്. പക്ഷെ ഇത് അട്ടിമറിയ്ക്കപ്പെട്ടു.

കഴിഞ്ഞ 20 വർഷത്തോളമായി ഇതിന്റെ ബഫർ മേഖലയിൽ സർക്കാർ/സ്വകാര്യ/പ്ലാന്റേഷൻ തലത്തിലുള്ള വ്യാപകമായ ഇടപെടലുകൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇത്തരത്തിലുള്ള ഒരു ശ്രമമായിരുന്നു. ഭവാനി പുഴ വഴി തിരിച്ചുവിടാനായി നടത്തിയ ശ്രമം.

ഇതിന്റെ ഒരു വിപത്തെ കാഴ്ചയാണ് പാത്രക്കടവ് പദ്ധതി. 23 കി.മീ. ദൂരം മനുഷ്യ സ്പർശം ഏൽക്കാതെ ഒഴുകുന്ന ഒരു പുഴയുടെ നാശത്തിനാണ് ഈ പദ്ധതി വഴിവെയ്ക്കുന്നത്. ഒപ്പം ആ പുഴയുമായി ബന്ധപ്പെട്ട വലിയൊരു ജൈവസമ്പത്തിന്റേയും.

സൈലന്റ്‌വാലിയുടെ ടൂറിസ്റ്റ് സോണിൽനിന്നുമുള്ള മൃഗങ്ങൾ ഉൾവലിഞ്ഞ് കഴിയുന്നത് ഈ പദ്ധതി പ്രദേശത്താണ്. ഇത് നടപ്പിലായാൽ അവ അവിടെ നിന്നും കുടിയൊഴിയേണ്ടിവരും. പദ്ധതിമൂലം ഉണ്ടാകുന്ന ജനങ്ങളുടെ തള്ളിക്കയറ്റവും ഇവിടത്തെ കാടിന് ഭീഷണിയായിമാറും.

സ്ഥിരമായി തീപിടുത്തം ഉണ്ടാകുന്നു. ഇത് വന്യവകുപ്പിന് ഉണ്ടായിരുന്നെങ്കിൽ സർവ്വേക്ക് പോലും.

ഇത് സൈലന്റ്‌വാലിക്ക് താങ്ങാത്ത താണ്. ഇതിന്റെ നെഞ്ചിലേൽപ്പിക്കുന്ന ഏറ്റവും വലിയ മുറിവായിരിക്കും പാത്രക്കടവ്. ഇത് സൈലന്റ്‌വാലിക്ക് പുറത്താണ് എന്ന വാദം അപഹാസ്യമാണ്. അതുകൊണ്ടുതന്നെ രണ്ടാംഘട്ട സംരക്ഷണ സമരത്തിന് സമയമായി. കേരളത്തിന് എല്ലാ പരിസ്ഥിതി പ്രവർത്തകരും എല്ലാ പ്രകൃതി സ്നേഹികളും മുന്നിട്ടിറങ്ങേണ്ട സമയമായി. പദ്ധതിയ്ക്ക് ബഫർ സോൺ സംരക്ഷണമാണ്.

*പാമ്പലത്ത് വീട്, മുണ്ടുപ്പറമ്പ് പി.ഒ.,*
*മലപ്പുറം*

---

*(14-ാം പേജിൽനിന്ന് തുടർച്ച)*

മൊൺസാന്റോ കാർഗിൽ തുടങ്ങിയ ബഹുരാഷ്ട്ര 'ജൈവശാസ്ത്ര' (മരണശാസ്ത്രമെന്ന് ഡോ. വന്ദനാശിവ) കമ്പനികൾക്കായിട്ടാണ് ഈ രൂപമാറ്റമെന്നറിയാൻ യാതൊരു വിഷമവുമില്ല. അങ്ങനെ സർക്കാരിന്റെ ദൗത്യം ഏറ്റെടുത്ത് കണ്ടെത്തിയ പ്രതിനിധികൾ (ലോകവ്യാപാര സംഘടനയെ തോൽപ്പിക്കാൻ) കണ്ടില്ലേ? നമ്മുടെ 'അപൂർവ്വ ജൈവസമ്പത്തി'ന് നല്ല വില കിട്ടുമത്രേ. (വില ആർക്കാണു കിട്ടുന്നതെന്നുമാത്രം ചോദിക്കരുത്) കൂടെ ആയുർവ്വേദ മരുന്നുകൾ ഉൽപ്പാദിപ്പിക്കുന്ന ഹെർബൽ താഴ്‌വരയും... ഇതുലോകത്തെ ആദ്യത്തെ ഹെർബൽ ബയോവാലിയാകുമത്രേ.

ഈ പദ്ധതിയെ (ഇതിനെ മാത്രമല്ല ജിമ്മിനെയാകെത്തന്നെ) എതിർക്കാൻ ഒരു ആസ്ഥാന പരിസ്ഥിതിക്കാരെയും നമ്മൾ കണ്ടില്ലല്ലോ.) വ്യാപാരടിസ്ഥാനത്തിൽ ജൈവസമ്പത്ത് വിനിയോഗിക്കാനും ഇക്കോ ടൂറിസം നടപ്പിലാക്കാനും അതിനായി ഹെൽത്ത് റിസോർട്ടുകൾ സ്ഥാപിക്കാനുമാണ് പദ്ധതി. ലക്ഷക്കണക്കിനു വർഷങ്ങളായി മനുഷ്യന്റെ ഇടപെടലില്ലാതെ നിലനിൽക്കുന്നതാണ് സൈലന്റ് വാലിയെന്നു പറയുന്നവർ തന്നെ അവിടെ നമുക്കു താൽപ്പര്യമുള്ള സസ്യങ്ങളെ വളർത്താൻ ശ്രമിച്ചാൽ എന്തു പാരിസ്ഥിതിക പ്രത്യാഘാതമാണുണ്ടാകുകയെന്നു ചിന്തിക്കുന്നില്ല. ഇത്തരം പദ്ധതികൾക്ക് അവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി ആ വനത്തിൽ മനുഷ്യൻ കയറുന്നത് ദോഷകരമല്ലേ ? ഇത്തരം ഗൂഢലക്ഷ്യങ്ങളോടെയല്ലേ സ്വാമിനാഥൻ കഴിഞ്ഞ കുറെ വർഷങ്ങളായി വയനാട്ടിൽ ഗവേഷണ സ്ഥാപനം പ്രവർത്തിപ്പിക്കുന്നത്. കാര്യങ്ങൾ അങ്ങനെയെല്ലാമാണ്. ബുദ്ധിയും കൗശലവുമുള്ളവർ നടത്തുന്ന വനനശീകരണം ആരും കാണില്ല. എന്നല്ല അവരെ 'പരിസ്ഥിതി' സംരക്ഷരാക്കി നാം വാഴിക്കുകയും ചെയ്യും. സ്വാമിനാഥന്റെ പദ്ധതിയുമായി സഹകരിച്ചവരിൽ കേരള ശാസ്ത്ര സാഹിത്യ പരിഷത്തും പെടുമെന്നു കൂടി കേട്ടാൽ ഈ വിദഗ്ദരുടെ ശേഷി നമുക്കു ബോദ്ധ്യമാകും. പാത്രക്കടവ് പദ്ധതി സ്വകാര്യ മേഖലയിലേക്കു പോകാനുള്ള സാധ്യതയുണ്ട്. ആഗോള മൂലധനാധിനിവേശത്തേയും സ്വകാര്യവൽക്കരണത്തേയും എതിർക്കുന്നവർ, പാത്രക്കടവ് പദ്ധതിയേയും ഹെർബൽ ബയോവാലിയേയും ഒരു പോലെ എതിർക്കേണ്ടതുണ്ട്. അല്ലാത്ത പക്ഷം അതു വെറും 'പരിസ്ഥിതിവാദ'മെന്ന പഴയ അരാഷ്ട്രീയത്തിലെത്തും.